**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2461** **08.05.2017 ൽ മറുപടിയ്ക്ക്**

## <u>ഭൂമാഫിയയെ സഹായിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി</u>

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി** |

| | | |
|---|---|---|
| (എ) | മൂന്നാറിലെ സർക്കാർ ഭൂമി കയ്യേറുന്ന ലോബികളെ ചില ഉദ്യോഗസ്ഥർ സഹായിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) ഇല്ല |
| (ബി) | ഇത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് മേശപ്പുറത്ത് വെക്കുമോ; | (ബി) മേൽ വിഷയം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ മൂന്നാറിലെ പാരിസ്ഥിതിക വിഷയത്തെ സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. |
| (സി) | ഭൂമാഫിയയെ സഹായിക്കുന്ന ഉദ്യോഗസ്ഥർ പല രജിസ്റ്ററുകളും നഷ്ടപ്പെടുത്തുന്നതിനും നശിപ്പിക്കുന്നതിനും കാരണമായിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ചില റവന്യൂ ആഫീസുകളിൽ അടിസ്ഥാന ഭൂരേഖകൾ ലഭ്യമല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | മൂന്നാറിൽ ഭൂമാഫിയയ്ക്ക് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുവാൻ സർക്കാർ തയ്യാറാകുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) ഇത്തരത്തിൽ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ